# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.09.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയും യു.എസും തമ്മിലുള്ള ആഗോള നയതന്ത്ര പങ്കാളിത്തം സമഗ്രവും സുശക്തവുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. പുതിയ ജി.എസ്.ടി പരിഷ്ക്കാരങ്ങൾ രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയുടെ വളർച്ചക്ക് ഊർജം നൽകുമെന്ന് കേന്ദ്രമന്ത്രി ആശ്വിനി വൈഷ്ണവ്.
3. കേരളത്തിലെ ശിശു മരണനിരക്ക് - അമേരിക്കയേക്കാൾ കുറഞ്ഞതായി സ്ഥിതിവിവര കണക്ക്; നേട്ടം സംസ്ഥാനം നടത്തുന്ന മികച്ച പ്രവർത്തനങ്ങളുടെ ഫലമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.
4. ആഘോഷങ്ങളുടെ നിറവിൽ ഇന്ന് മൂന്നാം ഓണം; അവിട്ടദിനം ആചരിച്ച് മലയാളികൾ.
5. ശ്രീനാരായണഗുരുവിൻറെ 171–ാമത് ജയന്തി ആഘോഷങ്ങൾ നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും.
6. കേരള ക്രിക്കറ്റ് ലീഗ് ഫൈനൽ പോരാട്ടത്തിൽ നാളെ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സും ഏറ്റുമുട്ടും.

RNU TVPM

***************************************

## പ്രധാനമന്ത്രി - ട്രംപ്

ഇന്ത്യയും യുഎസും തമ്മിലുള്ള ആഗോള നയതന്ത്ര പങ്കാളിത്തം സമഗ്രവും സുശക്തവുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ-യു.എസ് ബന്ധത്തെക്കുറിച്ചുള്ള പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രസ്താവനയെ അഭിനന്ദിക്കുന്നുവെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയ്ക്കും യു.എസിനും ഇടയിൽ ഒരു സവിശേഷ ബന്ധമുണ്ടെന്ന് ട്രംപ് കഴിഞ്ഞദിവസം വാഷിംഗ്ടണിൽ പ്രസ്താവന നടത്തിയിരുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിൽ ആശങ്ക വേണ്ടെന്നും ട്രംപ് ചൂണ്ടിക്കാട്ടി.

PNU TVPM

***************************************

## നിർമല സീതാരാമൻ

റഷ്യ ഉൾപ്പെടെ രാജ്യത്തിന് അനുയോജ്യമായിടത്ത് നിന്നും എണ്ണ വാങ്ങുന്നത് തുടരുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ദേശീയ താൽപ്പര്യം മാത്രം കണക്കിലെടുത്തായിരിക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്ന് ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ ധനമന്ത്രി ചൂണ്ടിക്കാട്ടി.

***************************************

## ജി.എസ്.ടി - അശ്വിനി വൈഷ്ണവ്

പുത്തൻതലമുറ ജിഎസ്.ടി പരിഷ്കാരങ്ങൾ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഊർജം പകരുമെന്ന് കേന്ദ്രവാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തിന്റെ

മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ഇരുപത് ലക്ഷം കോടി രൂപയുടെ വർധന പുതിയ തീരുമാനം മൂലം ഉണ്ടാകുമെന്നും ജി.എസ്.ടി പരിഷ്കാരങ്ങൾ ഇടത്തരക്കാർക്ക് ഏറെ ആശ്വാസം പകരുന്നതാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. നികുതിഘടന ലളിതമാക്കാനും, സ്ഥിരത നൽകാനും ഈ പരിഷ്കരണം സഹായകരമാകുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**************************************

## ശിശു മരണനിരക്ക്

കേരളത്തിലെ ശിശു മരണനിരക്ക് - അമേരിക്കയേക്കാൾ കുറഞ്ഞതായി സ്ഥിതിവിവര കണക്ക്. സംസ്ഥാനത്തെ ശിശു മരണനിരക്ക് 5 ആണെന്ന ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടാണ് പുറത്തു വന്നത്. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്കാണിത്. 25 ആണ് ദേശീയ ശരാശരി. അമേരിക്കൻ ഐക്യനാടുകളിലെ ശിശു മരണ നിരക്ക് 5.6 ആണ്. സംസ്ഥാനം ആരോഗ്യ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനങ്ങളുടെ ഫലമാണ് നേട്ടത്തിന് പിന്നലെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു.

RNU TVPM

**************************************

## അവിട്ടം- ഓണം (ഇൻട്രോ)

അവിട്ടം നാളിൽ ആഘോഷപൂർവ്വം മൂന്നാം ഓണം ആഘോഷിച്ച് മലയാളികൾ. ബന്ധുവീടുകളിലെ സന്ദർശനവും സൗഹൃദക്കൂട്ടായ്മകളുമാണ് മൂന്നാം ഓണത്തിന്റെ സവിശേഷത. വ്യത്യസ്തമായ ആഘോഷങ്ങളുമായാണ് മലയാളികൾ അവിട്ടദിനത്തെ വരവേറ്റത്.

**വിശദാംശങ്ങളിലേക്ക്....................**

(വോയിസ്)

<u>**അവിട്ടം- ഓണം (വോയിസ്)**</u>

ഓണക്കാലം ആരവങ്ങളുടേയും നാടൻ ശീലുകളുടേയും നാടോടി കലാരൂപങ്ങളുടേയും ആഘോഷക്കാലമാണ്. മദ്ധ്യകേരളത്തിലെ സവിശേഷ കലാരൂപമായ കുമ്മാട്ടിക്കളി ഓണക്കാലത്ത് തൃശ്ശൂരിൽ സജീവമാണ്. തിരുവോണം മുതൽ ചതയം വരെയുള്ള മൂന്നു നാളുകളിൽ നടക്കുന്ന ആഘോഷത്തിൽ നൂറിലധികം കുമ്മാട്ടികളാണ് പങ്കെടുക്കുന്നത്. ആഘോഷ ആരവങ്ങളുടെ നിറവിൽ അവിട്ട ദിനത്തിൽ കുട്ടനാട്ടിൽ നീലംപേരൂർ പടയണിക്ക് തുടക്കമാകും. ഇന്ന് രാത്രി ചൂട്ട് വെളിച്ചത്തിന്റെ പ്രഭയിൽ ആദ്യ പടയണി എഴുന്നള്ളും. അവിട്ടം നാൾ മുതൽ തുടങ്ങുന്ന പടയണി, പൂരം നാളിൽ ഭക്തി സാന്ദ്രമായി സമാപിക്കും. ഓണം വാരാഘോഷത്തിന്റെ ഭാഗമായി ഇന്ന് തലസ്ഥാനത്തെ വിവിധ വേദികളിലായി നിരവധി കലാപരിപാടികളും അരങ്ങേറും. തനത് നാടൻ കലാരൂപങ്ങളായ കാക്കാരിശ്ശി നാടകം, വിൽപ്പാട്ട്, സീതക്കളി, ബലിക്കളം തുടങ്ങിയവ ഇന്ന് അരങ്ങിലെത്തും.

ന്യൂസ് ഡെസ്ക് ആകാശവാണി.......

PNU TVPM

**************************************

<u>**പുലിക്കളി- അവധി**</u>

പുലിക്കളി മഹോത്സവത്തിനോടനുബന്ധിച്ച് മറ്റന്നാൾ ഉച്ചയ്ക്ക് ശേഷം തൃശ്ശൂർ താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും അവധി ബാധകമായിരിക്കും.

പുലിക്കളിയുമായി ബന്ധപ്പെട്ട് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമാണ് പ്രാദേശിക അവധി നൽകുന്നത്.

*************************************

## പായിപ്പാട് - ജലോത്സവം (ഇൻട്രോ)

പ്രസിദ്ധമായ പായിപ്പാട് ജലോത്സവം നാളെ നടക്കും. ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് നടക്കുന്ന പൊതുസമ്മേളനം കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

തുടർന്നാണ് മത്സര വള്ളകളി.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ.....**

(വോയിസ്)

*************************************

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഒക്ടോബർ വരെ അവസരം എന്ന തരത്തിൽ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടിക വീണ്ടും പുതുക്കുന്നതിനുള്ള തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി.

*************************************

## മെഡിക്കൽ വിദ്യാർത്ഥി പ്രവേശനം

വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി നൽകിയ സാഹചര്യത്തിൽ

RNU TVPM

വിദ്യാർത്ഥി പ്രവേശനം സുഗമമാക്കാനുള്ള നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കോളേജുകൾ സന്ദർശിച്ച് വിദ്യാർത്ഥി പ്രവേശനത്തിനായുള്ള സൗകര്യങ്ങൾ ഉറപ്പാക്കാനും , സമയബന്ധിതമായി എംബിബിഎസ് അഡ്മിഷൻ

നടത്താനും മന്ത്രി നിർദേശം നൽകി.

*************************************

## ശ്രീനാരായണ ഗുരു ജയന്തി

ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ സംസ്ഥാനവ്യാപകമായി നാളെ നടക്കും. വർക്കല ശിവഗിരിയിൽ രാവിലെ പത്തിന് ജയന്തിസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചെമ്പഴന്തി ഗുരുകുലത്തിൽ ജയന്തിസമ്മേളനം വൈകിട്ട് 6.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

RNU TVPM

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## ഇടുക്കി -റോഡുപണി (ഇൻട്രോ)

ഗ്രാമീണ മലയോര മേഖലകളെയും ഒന്നിലേറെ ടൂറിസം കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന ഇടുക്കിയിലെ നെയ്യശ്ശേരി - തോക്കുമ്പൻസാഡിൽ റോഡിൻ്റെ നിർമ്മാണം അവസാന ഘട്ടത്തിൽ. കേന്ദ്രസർക്കാർ സ്ഥാപനമായ നബാർഡിന് കീഴിൽ 140 കോടിയോളം രൂപ മുടക്കിയാണ് റോഡിൻ്റെ നിർമ്മാണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി **ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

********************************************

## കെ.സി.എൽ

കേരള ക്രിക്കറ്റ് ലീഗ് കലാശ പോരാട്ടത്തിൽ നാളെ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സും ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ വൈകുന്നേരം 06.45 നാണ് മത്സരം. സെമിയിൽ കൊച്ചി, കാലിക്കറ്റ് ഗ്ലോബ് സ്റ്റാഴ്സിനെയും കൊല്ലം, തൃശ്ശൂർ ടൈറ്റൻസിനെയുമാണ് തോൽപ്പിച്ചത്. ഇത് തുടർച്ചയായ രണ്ടാം തവണയാണ് കൊല്ലം ഫൈനലിലെത്തുന്നത്.

RNU TVPM

********************************************

## യു.എസ് ഓപ്പൺ

യുഎസ് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ബെലറൂസ് താരം ആര്യാന സബലങ്കയും യുഎസിന്റെ അമാന്റ അനിസിമോവയും തമ്മിൽ ഏറ്റുമുട്ടും. ഇന്ന് അർധരാത്രിയാണ് മത്സരം. പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസ് ഫൈനലിലെത്തി. ഇറ്റലിയുടെ ജാനിക് സിന്നറാണ് അൽക്കാരസിന്റെ എതിരാളി.

***********************************

## കുന്നംകുളം -കസ്റ്റഡി മർദനം

കുന്നംകുളം കസ്റ്റഡി മർദനത്തിൽ പ്രതിപ്പട്ടികയിലുള്ള 4 പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ ശുപാർശ. തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി ഉത്തരമേഖല ഐ.ജിക്ക് നൽകിയ റിപ്പോർട്ടിലാണ് സസ്പെൻഷന് ശുപാർശ ചെയ്യ്തിരിക്കുന്നത്. ഡി.ഐ.ജി ഹരിശങ്കറാണ് ഉത്തരമേഖല ഐ.ജിക്ക് റിപ്പോർട്ട് നൽകിയത്.

***********************************

## ശബരിമല- സമയമാറ്റം

ചതയ ദിനമായ നാളെ രാത്രി 8.58 മുതൽ പൂർണ്ണ ചന്ദ്ര ഗ്രഹണം ആരംഭിക്കുന്നതിനാൽ ശബരിമലയിൽ ഉച്ചയ്ക്ക് ശേഷമുള്ള ചടങ്ങുകളുടെ സമയ ക്രമത്തിൽ മാറ്റം. വൈകുന്നേരം 4 മണിയ്ക്ക് നടതുറക്കും. 8.20 ന് ഹരിവരാസനം പാടി 8.30 ന് നട അടയ്ക്കും.

RNU TVPM

***********************************

## കോഴിക്കോട്- അപകടം

കോഴിക്കോട് നാദാപുരത്ത് വസ്ത്രക്കടയിൽ അപകടം. തിരക്കിനിടെ ഗ്ലാസ് തകർന്ന് എട്ടു പേർക്ക് പരുക്കേറ്റു. ഗുരുതര പരുക്കേറ്റ രണ്ട് പേരെ കോഴിക്കോടും കണ്ണൂരിലുമുള്ള ആശുപത്രികളിലേക്ക് മാറ്റി. സംഭവത്തെ കുറിച്ച് അന്വേഷണം നടത്തുമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ പറഞ്ഞു.

***********************************

## ഏഷ്യാ കപ്പ് ഹോക്കി

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ന് നടക്കുന്ന സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും. വൈകുന്നേരം 7:30 ന് രാജ്ഗീർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. മറ്റൊരു സൂപ്പർ ഫോർ മത്സരത്തിൽ, ദക്ഷിണ കൊറിയ ഇന്ന് മലേഷ്യയെ നേരിടും.

************************************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലായിരുന്ന 45 കാരൻ മരിച്ചു. വയനാട് ബത്തേരി സ്വദേശി രതീഷാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചത്. നിലവിൽ 11 പേരാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ രോഗം ബാധിച്ച് ചികിത്സയിലുള്ളത്. അമീബിക് മസ്തിഷ്കജ്വരം കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ആരോഗ്യ വകുപ്പ് നിർദേശം നൽകി.

RNU TVPM

************************************

## ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 43 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. 44 പേർ അറസ്റ്റിലായി. പൊതുജനങ്ങൾക്ക് മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ ആൻറി നർക്കോട്ടിക്ക് കൺട്രോൾ റൂമിന്റെ 94 97 92 77 97 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.

*********************************************************************

****************************************